# Athmaraksha.org

ലുത്തിനിയ

## സകല വിശുദ്ധരുടെ ലുത്തിനിയ-Litany



### സകല വിശുദ്ധരുടെ ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ,
മിശിഹായേ, അനുഗ്രഹിക്കണമേ,
കർത്താവേ, അനുഗ്രഹിക്കണമേ,
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ

"ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന് ഏറ്റു ചൊല്ലുക
സ്വർഗസ്ഥനായ പിതാവായ ദൈവമേ,
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായ പരിശുദ്ധത്രിത്വമേ,

'ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന് ഏറ്റു ചൊല്ലുക
ദൈവത്തിന്റെ പരിശുദ്ധജനനീ
കന്യകകൾക്കു മകുടമായ നിർമ്മലകന്യകേ,
വിശുദ്ധ യൗസേപ്പേ,
വിശുദ്ധ മിഖായേൽ, ഗബ്രിയേൽ, റപ്പായേൽ മാലാഖമാരേ,
ഞങ്ങളുടെ കാവൽ മാലാഖമാരേ,
നവവൃന്ദങ്ങളായ  സകല മാലാഖമാരേ,
വിശുദ്ധ സ്നാപക യോഹന്നാനേ,
വിശുദ്ധ പത്രോസേ, പൗലോസേ
വിശുദ്ധ അന്ത്രയോസേ, യാക്കോബേ,
വിശുദ്ധ യോഹന്നാനേ, തോമ്മായേ,
വിശുദ്ധ ചെറിയ യാക്കോബേ, പീലിപ്പോസേ,

വിശുദ്ധ ബർത്തലോമ്മായേ, മത്തായിയേ
വിശുദ്ധ മർക്കോസേ, ലെംബെയേ,
വിശുദ്ധ ലൂക്കായേ,ബർണ്ണവായേ,
വിശുദ്ധ ശെമയോനേ, യൂദായേ,
വിശുദ്ധ മത്തിയാസേ, ജറോമേ,
വിശുദ്ധ എസ്തപ്പാനോസേ, ഗീവറുഗീസേ,
വിശുദ്ധ ഗർവ്വാസീസേ, പ്രോത്താസീസേ,
വിശുദ്ധ ഫ്രാൻസീസ് സേവ്യറേ, സാലസേ,
വിശുദ്ധ ഡോൺബോസ്കോയേ,
വിശുദ്ധ ഡൊമിനിക് സാവിയോായേ,
വിശുദ്ധ അകീനോസേ, ആഗസ്തീനോസേ,
വിശുദ്ധ അൽഫോൻസ്‌ലിഗോരിയേ, അപ്രേമേ,
വിശുദ്ധ അംബ്രോസേ, ഗ്രീഗോരിയോസേ,
വിശുദ്ധ ബർണ്ണദോസേ, ഡൊമിനിങ്കോസേ,
വിശുദ്ധ ഫ്രാൻസിസ്ക്കോസേ, ഗൊൺസാലോസേ,
വിശുദ്ധ അമ്മ ത്രേസ്യായേ, കൊച്ചുത്രേസ്യായേ,
വിശുദ്ധ മറിയം മഗ്ദനലനായേ, തെക്ലായേ,
വിശുദ്ധ റോസായേ, ആഗ്നസ്സേ,
വിശുദ്ധ ക്ലാരയേ, കത്രീനായേ
വിശുദ്ധ സിസിലായായേ, അനസ്താസ്സിയായേ,
വിശുദ്ധ ഏലീശ്വായേ, അന്നാമ്മയേ
വിശുദ്ധ കുര്യാക്കോസ് ഏലിയായേ,
വിശുദ്ധഅൽഫോൻസായേ,
വാഴ്ത്തപ്പെട്ട ആഗ്നലെ, വിശുദ്ധ ഡാമിയനേ,
കന്യകകളും വിധവകളുമായ സകല പുണ്യവതികളേ,
കർത്താവിന്റെ ദാസരായിരിക്കുന്ന സ്ത്രീപുരുഷൻമാരായ സകല വിശുദ്ധരേ,
മുഖ്യപിതാക്കളും ദീർഘദർശികളുമായ സകല വിശുദ്ധരേ,
ഞങ്ങളുടെ കർത്താവിന്റെ ശിഷ്യരായ സകല വിശുദ്ധരേ,
കറയില്ലാത്ത സകല വിശുദ്ധ കുഞ്ഞുപൈതങ്ങളേ,
വേദസാക്ഷികളായ സകല വിശുദ്ധരേ,
മെത്രാൻമാരും വന്ദകരുമായ സകല വിശുദ്ധരേ,
വേദശാസ്ത്രികളായ സകലവിശുദ്ധരേ,
ഗുരുക്കൻമാരും ആചാര്യൻമാരുമായ സകലവിശുദ്ധരേ,
സന്ന്യാസിനികളും തപോധനൻമാരുമായ സകല വിശുദ്ധരേ,

ദയാപരനായിരിക്കുന്ന കർത്താവേ,
ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ
ദയാപരനായിരിക്കുന്ന കർത്താവേ,
ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
ദയാപരനായിരിക്കുന്ന കർത്താവേ,
ഞങ്ങളെ അനുഗ്രഹിക്കണമേ

+++